(സി) സർക്കാർ ഉത്തരവിൽ കാലാവധി ഒന്നുംതന്നെ നിഷ്കർഷിച്ചിട്ടില്ല. എന്നിരുന്നാലും പ്രസ്തുത വിശ്രമ കേന്ദ്രത്തിന്റെ സേവനം ആശുപത്രിയിലെ രോഗികൾക്കോ, അവരുടെ കൂട്ടിരിപ്പുകാർക്കോ ലഭ്യമാകാത്ത സാഹചര്യത്തിലും മറിച്ച് ആയതിന്റെ ആനുകൂല്യം മലബാർ ചേംബർ ഓഫ് കോമേഴ്സ് മാത്രം അനുഭവിച്ചു വരുന്നതിനാലും കെട്ടിടത്തിന്റെ നിയന്ത്രണാവകാശം ആശുപത്രിക്ക് വിട്ടുകൊടുക്കുന്നതിനുവണ്ടി നടപടികൾ സ്വീകരിക്കുവാൻ ആശുപത്രി വികസന സമിതി തീരുമാനമെടുക്കുകയുണ്ടായിട്ടുണ്ട്. ഇതിനെതിരായി മലബാർ ചേംബർ ഓഫ് കൊമേഴ്സ് കേസ് ഫയൽ ചെയ്യുകയും പ്രസ്തുത വിശ്രമ കേന്ദ്രത്തിന്റെ നിയന്ത്രണം ആശുപത്രി ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണെന്ന് കാണിച്ച് ബഹു. കോടതി വിധി നൽകുകയും ചെയ്തിട്ടുണ്ട്.

(ഡി) പ്രസ്തുത വിശ്രമ കേന്ദ്രത്തിൽ നിന്നും നാളിതുവരെ ഒരു വരുമാനവും ആശുപത്രിക്ക് ലഭിച്ചിട്ടില്ല.

തൃശ്ശൂർ മെഡിക്കൽ കോളേജിൽ പോസ്റ്റ് ഗ്രാജ്വേറ്റ് കോഴ്സ് ആരംഭിക്കാൻ നടപടി

106 [3158] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മെഡിക്കൽ കോളേജിൽ പോസ്റ്റ് ഗ്രാജ്വേറ്റ് കോഴ്സ് തുടങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഏതൊക്കെ കോഴ്സുകളിൽ പി. ജി. തുടങ്ങുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്;

(സി) ഇതിനായി ഇൻസ്പെക്ഷന്വേണ്ടി എത്ര സംഖ്യ ഫീസായി ഇന്ത്യൻ മെഡിക്കൽ കൗൺസിലിന് അടച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഡി) ഇതിനാവശ്യമായ സംഖ്യ ഏതു ഫണ്ടിൽ നിന്നാണ് ചെലവഴിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) 2005-2006 വർഷത്തിൽ ഏതൊക്കെ പി. ജി. കോഴ്സുകൾ ആരംഭിക്കും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി, സി, ഡി, & ഇ)

തൃശ്ശൂർ മെഡിക്കൽ കോളേജിൽ പുതുതായി താഴെപറയുന്ന പി. ജി. കോഴ്സുകൾ തുടങ്ങുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരികയാണ്.

1. ഓർത്തോപീഡിക്സ് (എം. എസ്.)
2. പാത്തോളജി (എം. ഡി.)
3. ഇ. എൻ. റ്റി. (എം. എസ്.)
4. പീഡിയാട്രിക്സ് (എം. ഡി.)
5. ജനറൽ സർജറി (എം. എസ്.)
6. ഒഫ്ത്താൽമോളജി (എം. എസ്.)
7. മൈക്രോ ബയോളജി (എം. ഡി.)

LIBRARY ARCHIVES Kerala Legislative Assembly